പാലക്കാട് ജില്ലയിലെ കൃഷി അസിസ്റ്റന്റുമാരുടെ സ്ഥലംമാറ്റം സംബന്ധിച്ച്

113 (5462) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിൽ ഒരു ജില്ലയ്ക്കുള്ളിൽ കൃഷി അസിസ്റ്റന്റ്, അസിസ്റ്റന്റ് കൃഷി ഓഫീസർ എന്നീ തസ്തികയിലുള്ളവരുടെ പൊതുസ്ഥലംമാറ്റം ജില്ലാ കൃഷി ഓഫീസർ നടത്തുമ്പോൾ നിയമപരമായി പാലിക്കേണ്ട പൊതുമാനദണ്ഡം സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും, സർക്കുലറുകളുടെയും പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പാലക്കാട് ജില്ലയിൽ ജില്ലാ കൃഷി ഓഫീസർ 19-6-2015-ന് ഇറക്കിയ ഉത്തരവ് പ്രകാരം കൃഷി അസിസ്റ്റന്റ്, അസിസ്റ്റന്റ് കൃഷി ഓഫീസർ എന്നിവരുടെ സ്ഥലംമാറ്റ കാര്യത്തിൽ നിലവിലുള്ള മാനദണ്ഡങ്ങളും ഉത്തരവുകളും കൃത്യമായി പാലിച്ചിട്ടുണ്ടോയെന്നു വെളിപ്പെടുത്തുമോ ;

(സി) മേൽ സൂചിപ്പിച്ച ഉത്തരവിലേക്ക് പരിഗണിക്കപ്പെടുവാൻ കൃഷി ഓഫീസർമാർ, അസിസ്റ്റന്റ് ഡയറക്ടർമാർ എന്നിവർ സാക്ഷ്യപ്പെടുത്തി ശുപാർശ ചെയ്ത ആകെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; ഇങ്ങനെ ലഭിച്ച മുഴുവൻ അപേക്ഷകളുടേയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ലഭ്യമാക്കാമോ ;

(ഡി) ഔദ്യോഗികമായി ജില്ലാ കൃഷി ഓഫീസർക്ക് ലഭിച്ച അപേക്ഷകൾ കൂടാതെ ജില്ലാ കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റുമാരിൽ നിന്നും നേരിട്ട് അപേക്ഷകൾ സ്വീകരിച്ച് ആർക്കെങ്കിലും സ്ഥലം മാറ്റം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അങ്ങനെയുള്ള അപേക്ഷകളുടെ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകൾ ലഭ്യമാക്കുമോ :

(ഇ) പാലക്കാട്, മലമ്പുഴ, പട്ടാമ്പി എന്നീ ബ്ലോക്കുകളിലെ കൃഷി വകുപ്പ് ഓഫീസുകളിൽ, കൃഷി അസിസ്റ്റന്റ്, അസിസ്റ്റന്റ് കൃഷി ഓഫീസർ എന്നീ തസ്തികകളിൽ അവർ ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസുകളിൽ 3 വർഷം പൂർത്തീകരിച്ച ഉദ്യോഗസ്ഥർ ആകെ എത്ര പേരുണ്ട്; ഇവരുടെ പേരും വിലാസവും വ്യക്തമാക്കാമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly